**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **11.06.2018 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 2025** | **മറുപടിക്ക്**

## ജനമൈത്രി സുരക്ഷാ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനമൈത്രി സുരക്ഷാ സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | എ) പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) ജനമൈത്രി സുരക്ഷാസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | ബി) സമിതിയിൽ മുതിർന്ന പൗരൻമാർക്കും സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതും, പ്രദേശത്തെ മാന്യരും, വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുമായ വ്യക്തികളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഹൈസ്കൂൾ/കോളേജ് അദ്ധ്യാപകർ, ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, റിട്ടയേഡ് ഉദ്യോഗസ്ഥർ, റിട്ടയേഡ് പോലീസ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ, കോർപ്പറേഷൻ കൗൺസിലർമാർ, വ്യാപാരി വ്യവസായികൾ, പോസ്റ്റൽ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, തൊഴിലാളികൾ തുടങ്ങിയവരേയും റസിഡൻഷ്യൽ അസോസിയേഷനുകൾ, സ്ത്രീ സ്വയം സഹായ സംഘടനകൾ തുടങ്ങിയവയുടെ ഭാരവാഹികളേയും പരിഗണിക്കാവുന്നതാണ്. റസിഡൻഷ്യൽ അസോസിയേഷനുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണം. |
| സി) എത്രവർഷം കൂടുമ്പോഴാണ് ജനമൈത്രി സുരക്ഷാ സമിതി പുന:സംഘടിപ്പിക്കുന്നത്; | സി) 2 വർഷം കൂടുമ്പോഴാണ് സമിതി പുന:സംഘടിപ്പിക്കുന്നത് |

ഡി) ജനമൈത്രി സുരക്ഷാ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഡി) ജനമൈത്രി സുരക്ഷാ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കുറ്റകൃത്യങ്ങൾ തടയുക
2. മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം
3. സുരക്ഷാ മേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം.
4. സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനാവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നത്.
5. ബോധവൽക്കരണ പ്രവർത്തനങ്ങൾ
6. ട്രാഫിക് വാർഡൻ സമ്പ്രദായം
7. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ - ജാഗ്രതാ പദ്ധതികൾ
8. സ്വയംരക്ഷക്കായുള്ള കോഴ്സുകൾ സംഘടിപ്പിക്കുക
9. പരാതി കാർഡ് സംവിധാനം
10. ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തനങ്ങൾ
11. രക്ഷാപ്രവർത്തനം, ഫസ്റ്റ് എയിഡ്
12. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയ സംഘടനകളേയും മറ്റും സംഘടിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായുള്ള പരിപാടികൾ എന്നിവയാണ്.

സെക്ഷൻ ഓഫീസർ